➩ പക്ഷെ ഒരുതുണ്ട് ഭൂമി പോലും ഈ സർക്കാരുകൾ ഏറ്റെടുത്തില്ല ➩

**നിയമവിരുദ്ധമായി** കോർപറേറ്റുകൾ കൈയടക്കിവച്ചിരിക്കുന്ന തോട്ടംഭൂമി ഏറ്റെടുക്കുന്നതിന് കേരളം ഭരിച്ചിരുന്ന സർക്കാരുകൾക്ക് യാതൊരു താത്പര്യവും രാഷ്ട്രീയ ഇച്ഛാശക്തിയും ഇല്ലെന്ന് കഴിഞ്ഞ അമ്പത് വർഷക്കാലത്തെ സർക്കാർ നടപടി പരിശോധിച്ചാൽ മനസ്സിലാകും. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്നതിന് ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ 'ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട്' വകുപ്പ് 7-1 (B) പ്രകാരം, ഇന്ത്യൻ ഇൻഡിപെൻഡെൻസ് ആക്ട് നിലവിൽ വരുന്നതോടുകൂടി വിദേശ ഭരണാധികാരികൾക്ക് ഇന്ത്യയിലുള്ള എല്ലാ അധികാരങ്ങൾ നഷ്ടപ്പെടുന്നതും, വിദേശ ഭരണാധികാരികളും ഇന്ത്യൻ നാട്ടുരാജ്യങ്ങളും തമ്മിൽ ഒപ്പുവെച്ചിട്ടുള്ള ഉടമ്പടികളും അവകാശങ്ങളും അതിനാൽ റദ്ദ് ആകുന്നതുമായിരിക്കും. പക്ഷെ തോട്ടം മേഖല അടക്കി ഭരിക്കുന്ന വിദേശ കമ്പനികൾക്ക് ഈ നിയമം ബാധകമേ ആയില്ല. ഇന്ത്യക്ക്

## ചെറുവള്ളി വിമാനത്താവളം:

# തോട്ടം ഭൂമി ഏറ്റെടുക്കൽ സർക്കാർ തന്നെ അട്ടിമറിക്കുന്നു

ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി വ്യാജരേഖകൾ വഴി കൈവശം വയ്ക്കുകയും ബിലീവേഴ്സ് ചർച്ചിന് കൈമാറുകയും ചെയ്ത ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുത്ത് വിമാനത്താവളം നിർമ്മിക്കാനാണ് സർക്കാർ ഒരുങ്ങുന്നത്. ഇത് കോർപ്പറേറ്റുകളുടെ അനധികൃത ഇടപാടുകൾക്ക് നിയമസാധുത നൽകാനുള്ള നീക്കമാണ്.

**കെ. സന്തോഷ്കുമാർ**

സ്വാതന്ത്ര്യം കിട്ടി രണ്ട് ദശകം പിന്നിട്ട് കഴിഞ്ഞിട്ടാണ് വിദേശ കമ്പനികൾ ബിനാമി ഇടപാടിലൂടെ ഇന്ത്യൻ കമ്പനികളിലേക്ക് ഭൂമി കൈമാറുന്നത്. അതും നാട്ടുരാജ്യങ്ങളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ!.

സാമന്ത രാജ്യങ്ങൾക്കുണ്ടായിരുന്ന 'ഇടവക അവകാശം' 1955-ൽ തിരുവിതാംകൂർ-കൊച്ചി രാജ്യങ്ങൾ 'ഇടവക അവകാശം ഏറ്റെടുക്കൽ നിയമം (Idavaka Right Acquisitation Act)' പാസ്സാക്കുന്നതോടു കൂടി ഇല്ലാതായി. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പൂഞ്ഞാർ കൊട്ടാരം, ഇടപ്പള്ളി സ്വരൂപം, കിളിമാനൂർ കൊട്ടാരം, വഞ്ചിപ്പുഴ മഠം എന്നീ സ്വരൂപങ്ങൾക്ക് 20 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ തിരുവിതാംകൂർ-കൊച്ചി സർക്കാർ തീരുമാനിച്ചു. അന്നത്തെ തിരുവിതാംകൂർ ചീഫ് സെക്രട്ടറിയും രാജാവിന്റെ പ്രതിനിധിയുമായ ബി.വി.കെ. മേനോൻ നേരിട്ടെത്തി സ്വരൂപങ്ങൾക്ക് പണം നൽകി. പക്ഷെ ഒരുതുണ്ട് ഭൂമി പോലും ഈ സർക്കാരുകൾ ഏറ്റെടുത്തില്ല.

കണ്ണൻ ദേവൻ കമ്പനി ഉൾപ്പെടെയുള്ള കമ്പനികൾ കൈവശം വെയ്ക്കുന്ന തോട്ടംഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയാണ് 1957-ൽ കേരള ഭൂസംരക്ഷണ നിയമം (Kerala Consernency Act) കേരള നിയമസഭ പാസ്സാക്കുന്നത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തി

ലാണ് 1971 ജനുവരി 21 ന് കണ്ണൻ ദേവൻ ഹിൽസ് (ഭൂമി ഏറ്റെടുക്കൽ) നിയമം കേരള സർക്കാർ പാസ്സാക്കുന്നത്. ഈ നിയമത്തെ ചോദ്യം ചെയ്തു കൊണ്ട് ടാറ്റ കേസ് ഫയൽ ചെയ്തു. കേരള ഭൂപരിഷ്കരണ നിയമത്തിലെ 'കൈവശ കൃഷിക്കാരൻ' എന്ന പഴുതിലൂടെ ഭൂമി കൈവശം വെയ്ക്കുവാനാണ് ടാറ്റ ശ്രമിച്ചത്. 1969ലെ ഇ.എം.എസ് മന്ത്രിസഭ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമത്തിലൂടെ തോട്ടം ഭൂമിയുടെ പരിധി 30 ഏക്കറായി നിജപ്പെടുത്തിയെങ്കിലും തോട്ടം ഉടമയ്ക്ക് 'കൈവശ കൃഷിക്കാരൻ' (cultivating tenent) എന്ന അവകാശത്തിലൂടെ 'തോട്ടം കൃഷിഭൂമി' എത്ര വേണമെങ്കിലും കൈശവശം വെയ്ക്കാൻ നിയമത്തിൽ പഴുതുണ്ടാക്കുകയാണ് ചെയ്തത്. ഇതിലൂടെ പത്ത് ലക്ഷത്തിലധികം ഏക്കർ ഭൂമിയാണ് 'തോട്ടം ഭൂമിയായി' മാറ്റപ്പെട്ടത്. എന്നാൽ ടാറ്റയുടെ വാദത്തെ ഹൈക്കോടതിയും സുപ്രീംകോടതിയും തള്ളി. ടാറ്റ നിയമവിരുദ്ധമായി കൈവശം വെയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണെന്നും എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കണമെന്നും 1974 ൽ സുപ്രീംകോടതി ഉത്തരവിറക്കി. നാല് പതിറ്റാണ്ട് കഴിഞ്ഞിട്ടും ടാറ്റയുടെ ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇപ്പോൾ കേരള ഭൂസംരക്ഷണ നിയപ്രകാരം അനധികൃത ഭൂമി കൈയ്യേറ്റത്തിന് ടാറ്റ ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിരിക്കുകയാണ്.

ഹാരിസൺ കൈവശം വെയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണ് എന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2013 ഫെബ്രുവരി 16ന് വിധിക്കുന്നത് ഒട്ടനവധി നാടകീയതകളിലൂടെയാണ്. ഹാരിസണിന് എതിരെയുള്ള വാദം കേട്ടശേഷം ആറ് ജഡ്ജിമാരാണ് വിധി പറയുന്നതിൽ നിന്ന് പിൻമാറിയത്. കോർപറേറ്റുകൾക്ക് വേണ്ടി കോടതി തന്നെ നിയമം ലംഘിക്കുന്നത് എന്തുതരം സന്ദേശമാണ് ജനങ്ങൾക്ക് നൽകുന്നത്? ഹാരിസൺ കൈവശം വെയ്ക്കുന്നത് സർക്കാർ ഭൂമിയാണെന്ന് വ്യക്തമാക്കി 1999-ൽ സുമിത.എൻ മേനോൻ റിപ്പോർട്ട് പുറത്തുവന്നു. 2007 സെപ്റ്റംബർ 27ന് ലാന്റ് റെവന്യൂ കമ്മീഷണർ ആയിരുന്ന നിവേദിത. പി ഹരൻ അന്വേഷണ കമ്മീഷൻ ഹാരിസൺ കൈവശം വെയ്ക്കുന്ന 76,000 ഏക്കർ ഭൂമി സർക്കാർ ഭൂമിയാണെന്ന് റിപ്പോർട്ട് നൽകി. 2007ൽ ഹാരിസൺ ഭൂമി ഏറ്റെടുക്കുന്നതിന് അഞ്ച് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമതിയെ ചുമതലപ്പെടുത്തി. ഇതിന്റെ നിയമവശങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് എൽ. മനോഹരൻ കമ്മറ്റിയെ 2008 മെയ് 28ന് ചുമതലപ്പെടുത്തി. ഭൂമി ഏറ്റെടുക്കുന്നതിന് യാതൊരുവിധ നിയമതടസ്സവുമില്ലെന്ന് അദ്ദേഹവും റിപ്പോർട്ട് നൽകി. ഈ റിപ്പോർട്ടുകളൊന്നും കണക്കിലെടുക്കാതെ വീണ്ടും അസി. ലാന്റ് റവന്യൂ കമ്മീഷണർ ഡി. സുജിത്ത് ബാബുവിന്റെ നേതൃത്വത്തിൽ ഏഴംഗ സമതിയെ സർക്കാർ നിയോഗിച്ചു. ഈ സമിതിയും ഹാരിസൺ ഭൂമി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശദമായ റിപ്പോർട്ട് അന്നത്തെ റവന്യൂ മന്ത്രി കെ.പി രാജേന്ദ്രന് നൽകി. എന്നാൽ ഈ റിപ്പോർട്ടുകളെല്ലാം അദ്ദേഹവും റവന്യൂ വകുപ്പും പൂഴ്ത്തുകയാണ് ചെയ്തത്. 2013 ലെ ഹൈക്കോടതി വിധിയുടെയും മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്റേയും അടിസ്ഥാനത്തിലാണ് 2013 ഏപ്രിലിൽ 25ന് ഡോ.രാജമാണിക്യം ഐ.എ.എസ് റവന്യൂ ഓഫീസറായി നിയമിക്കുന്നത്. ഇരുന്നൂറോളം കുത്തകൾ കേരളത്തിന്റെ 58 ശതമാനം വരുന്ന അഞ്ച് ലക്ഷത്തി ഇരുപതിനായിരം ഏക്കർ റവന്യൂ ഭൂമി കൈയ്യടക്കി വെച്ചിരിക്കുകയാണെന്ന് അദ്ദേഹം സമഗ്രമായ റിപ്പോർട്ട് സർക്കാരിന് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 2015 ഡിസംബർ 30 ന് ഭൂമി ഏറ്റെടുക്കുന്നതിന് അർദ്ധ ജുഡീഷ്യൽ അധികാരത്തോടെ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തി. എന്നാൽ ഇപ്പോൾ രാജമാണിക്യം റിപ്പോർട്ടും സ്പെഷ്യൽ ഓഫിസറുടെ ഓഫീസും അട്ടിമറിച്ച് ഇല്ലാതാക്കുന്നതിനാണ് പിണറായി സർക്കാരും സി.പി.ഐ ഭരിക്കുന്ന റവന്യൂ വകുപ്പും ശ്രമിക്കുന്നത്.

### വിമാനത്താവള പദ്ധതി

ഹാരിസണിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ മനഃപൂർവ്വം വൈകിക്കുന്ന സർക്കാർ മറ്റൊരു പദ്ധതിയിലൂടെ ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് ഹാരിസണിനെ രക്ഷപ്പെടുത്താനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ആറന്മുള ഇല്ലാതായതോടെ പത്തനംതിട്ടയിൽ പുതുതായി പ്രഖ്യാപിക്കപ്പെട്ട വിമാനത്താവളമാണ് ആ പദ്ധതി. ഹാരിസണിന്റെ കൈവശമായിരുന്ന ചെറുവള്ളി-ളാഹ-ചെങ്ങറ എസ്റ്റേറ്റുകളിലാണ് വിമാനത്താവളം പണിയാൻ ഉദ്ദേശിക്കുന്നത്. ശബരിമല അടുത്തായതുകൊണ്ടും റോഡ് സൗകര്യം എളുപ്പമായതുകൊണ്ടും എരുമേലിക്ക് അടുത്തുള്ള ചെറുവള്ളി എസ്റ്റേറ്റാണ് സർക്കാർ സജീവമായി പരിഗണിക്കുന്നത്. 2300 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് 2005ൽ ആണ് ഹാരിസണിന്റെ കൈയിൽ നിന്നും കെ.പി. യോഹന്നാൻ അദ്ധ്യക്ഷനായ ബിലീവേഴ്സ് ചർച്ചിന്റെ ഗോസ്പൽ ഫോർ ഏഷ്യൻ ചാരി


ചെങ്ങറ തോട്ടത്തിലെ വാഴ കൃഷി.

റ്റബിൾ ട്രസ്റ്റ് വാങ്ങുന്നത്. എന്നാൽ ഈ ഭൂമി കൈമാറ്റം നിയമവിരുദ്ധമാണെന്ന് പിന്നീട് അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. തുടർന്ന് കാഞ്ഞിരപ്പിള്ളി താലൂക്ക് ഓഫീസിൽ നിന്നും തിരുവല്ല തഹസീൽദാർ മുഖേന ഒഴിഞ്ഞുപോകാൻ നോട്ടീസ് നൽകുകയും കോട്ടയം ആർ.ഡി.ഒയുടെ നിർദ്ദേശപ്രകാരം 2008ൽ പോക്കുവരവ് റദ്ദുചെയ്യുകയും ചെയ്തിരുന്നു. മാത്രമല്ല, അനധികൃതമായി ഭൂമി കൈമാറ്റം നടത്തിയതിന് കെ.പി. യോഹന്നാനെതിരെ ക്രൈംബ്രാഞ്ച് കേസെടുത്തിട്ടുമുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് നിയമവിരുദ്ധമായി കൈവശം വയ്ക്കുന്ന ഭൂമിയുൾപ്പെടെ അഞ്ച് ലക്ഷം ഏക്കർ ഭൂമി ഏറ്റെടുക്കാൻ നിയമ നിർമ്മാണം നടത്തണമെന്ന് സ്പെഷ്യൽ ഓഫീസർ രാജമാണിക്യം റിപ്പോർട്ട് ചെയ്തിരുന്നല്ലോ. അതുപ്രകാരം ചെറുവള്ളി എസ്റ്റേറ്റ് കൈമാറിയ ഹാരിസണിന്റെ ഇടപാടിനെതിരെയും കൂടുതൽ നിയമനടപടികൾ നടക്കേണ്ടതാണ്.

വിദേശ നിക്ഷേപകർ ഡയറക്ടർമാരായുള്ള ഇൻഡോ-ഹെറിറ്റേജ് ഇന്റർനാഷണൽ ഏറോ പോളിസ് പ്രൈവറ്റ് ലിമിറ്റഡാണ് കൊച്ചി-സിയാൽ മാതൃകയിൽ 2500 കോടി രൂപയ്ക്ക് വിമാനത്താവള പദ്ധതി ഏറ്റെടുക്കുന്നത് എന്നാണ് അറിയുന്നത്. വിമാനത്താവള പദ്ധതിയുടെ ലാഭക്ഷമത പഠിക്കാൻ അമേരിക്കൻ കൺസൾട്ടൻസിയായ 'എയ്ക്കോം'നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഹാരിസൺ അനധികൃമായി ബിലിവേഴ്സ് ചർച്ചിന് കൈമാറിയ ഭൂമിയാണ് ഇത്തരത്തിൽ മാറ്റപ്പെടാൻ പോകുന്നത്. കെ.പി. യോഹന്നാന്റെ ചെറുവള്ളി എസ്റ്റേറ്റ് വിമാനത്താവളത്തിനായി ഏറ്റെടുക്കുക വഴി ഹാരിസൺ നടത്തിയ നിയമവിരുദ്ധ ഇടപാടുകളെ നിയമവിധേയമാക്കുന്നതിനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്.

കേരളത്തിലെ ഭൂസമരങ്ങൾ മുന്നോട്ടുവയ്ക്കുന്ന, തോട്ടങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന ആവശ്യം കൂടി ഈ തീരുമാനത്തിലൂടെ സർക്കാർ റദ്ദുചെയ്യുകയാണ്. ഭൂരഹിതർക്ക് കൃഷി ചെയ്ത് ജീവിക്കുന്നതിനുള്ള അടിസ്ഥാന വിഭവമൊരുക്കാൻ താത്പര്യമില്ലാത്ത സർക്കാരിന് വിമാനത്താവളം പോലെയുള്ള വൻകിട പദ്ധതികളോടുള്ള വിധേയത്വം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. 'ഞങ്ങൾക്ക് കൃഷി ഭൂമി നൽകുക' എന്ന മുദ്രാവാക്യമുയർത്തി ഹാരിസണിന്റെ അനധികൃതഭൂമി കൈയേറി നടത്തിയ ചെങ്ങറ സമരത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കാൻ ഇടതുസർക്കാർ ഇപ്പോഴും സന്നദ്ധമല്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അതേസമയം, ചെങ്ങറയിൽ ഇപ്പോഴും തുടരുന്ന സമരക്കാർ ഹാരിസണിന്റെ റബ്ബർ മരങ്ങൾ വെട്ടിക്കളഞ്ഞ് ഉപജീവനത്തിനുള്ള കാർഷികോത്പാദനം അവിടെ ഭംഗിയായി നിർവഹിക്കുന്നുണ്ട്. ഭൂരഹിതർ അവർക്ക് അവകാശപ്പെട്ട ഭൂമിയിൽ വിളയിച്ച വിളവുകളിലൂടെ പുതിയ സമരഭാഷ രചിച്ചുകൊണ്ടിരിക്കുന്നു. ■